## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1237

12.03.2015 - ൽ മറുപടിയ്ക്ക്

### കയർ വ്യവസായത്തിന്റെ ആധുനീകവത്ക്കരണം

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി |
|---|---|
| എ) കയർ വ്യവസായം നഷ്ടത്തിലേയ്ക്ക് പോവുകയും തമിഴ്നാട് പോലുള്ള അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയർ വ്യവസായം പറിച്ചു നടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കമോ; | എ) കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചു നിർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12- ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012-13 ൽ 440 സംഘങ്ങൾക്ക് 89692648/- രൂപയും 2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും, നടപ്പു വർഷം 15,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12 ൽ 1,27,50,175/- രൂപയും, 2012-13 ൽ 2,07,59,149/- രൂപയും, 2013-14 ൽ 11,20,75,971/- രൂപയും, നടപ്പുവർഷം ഇതുവരെ 8,98,21,886/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്റ്റിനും അംഗീകാരം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) കയർ വ്യവസായ രംഗത്ത് ആധുനിക യന്ത്ര സൗകര്യങ്ങൾ ഒരുക്കുന്നതിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ? | ബി) കയർ മേഖലയിലെ എല്ലാത്തരം ആധുനിക യന്ത്രങ്ങളും നിർമ്മിക്കുന്നതിനു വേണ്ടി ആലപ്പുഴയിൽ ഒരു കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി ക്രഷർ യൂണിറ്റോടു കൂടിയ പുതിയ മിനി ഡീഫൈബറിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്തുന്ന തിനായി Kerala State Coir Machinery Manufacturing Co. Ltd ന് നൽകിയിട്ടുണ്ട്. ആധുനിക ജിയോടെക്സ്റ്റയിൽ ലൂം എൻ.സി.ആർ.എം.ഐ വികസിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ